നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) :

(എ&ബി) ഉണ്ട്. സർക്കാരിന്റെ 8-10-2012-ലെ 256/2012 ത.സ്വ.ഭവ. നമ്പർ ഉത്തരവ് പ്രകാരം സംസ്ഥാനത്തെ വീടുകളിൽ വികേന്ദ്രീകൃത മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വീടുകളിൽ ബയോഗ്യാസ്, ബയോകമ്പോസ്റ്റ് പ്ലാന്റ് എന്നിവ സ്ഥാപിക്കുന്ന വീടുകൾക്ക് വീട്ടുകരത്തിൽ 10% വരെ ഇളവ് അനുവദിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

(സി) വീട്ടുകരത്തിൽ ഇളവ് അനുവദിക്കുന്നത് കാരണം കൂടുതൽ വീട്ടുടമകൾ വീടുകളിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കാൻ താൽപ്പര്യം കാണിക്കും. അത് വഴി മാലിന്യം ഗണ്യമായ തോതിൽ ഉറവിടത്തിൽ തന്നെ സംസ്കരിക്കാൻ സാധിക്കും.

(ഡി) വീട്ടുകരത്തിൽ ഇളവ് അനുവദിച്ചിട്ടുള്ള വീടുകളിൽ സ്ഥാപിച്ചിട്ടുള്ള കമ്പോസ്റ്റ്, ഗ്യാസ് പ്ലാന്റുകൾ എന്നിവ കൃത്യമായി പ്രവർത്തിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തേണ്ടത് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്. ഇപ്പോൾ ടി സ്ഥാപനങ്ങളിലെ വാർഡ്തല ശുചിത്വ കമ്മിറ്റി പ്രസ്തുത വിഷയത്തിൽ മേൽനോട്ടം വഹിച്ചു വരുന്നുണ്ട്.

ജൈവകൃഷി മേഖലയിലുണ്ടായ വിദേശനിക്ഷേപം

15 (*285) ശ്രീ. എം. എ. ബേബി :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. സി. കെ. സദാശിവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആഗോള കാർഷിക സംഗമത്തിന് ജർമ്മനിയിലെ ന്യൂറംബർഗ് മെസ് എന്ന ആഗോള പ്രദർശനമേള കമ്പനിയൊരുക്കുന്ന 'ബയോഫാക് ഇന്ത്യാ-2014' മേളയുമായുള്ള ബന്ധം വിശദമാക്കുമോ ;

(ബി) ജൈവകൃഷി സംഗമത്തിൽ പങ്കെടുത്ത ഏതെല്ലാം വിദേശ കമ്പനികൾ താൽപ്പര്യം പ്രകടിപ്പിട്ടിട്ടുണ്ട് ; ധാരണാപത്രത്തിൽ ഒപ്പിട്ടവർ ആരൊക്കെയാണ് ; ഇതിനായി ഏതെല്ലാം ജില്ലയിൽ എത്ര ഏക്കർ ഭൂമി വീതം നൽകാൻ ഉദ്ദേശിക്കുന്നു ?

LIBRARY ARCHIVES Kerala Legislative Assembly

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) :

(എ) ആഗോളതലത്തിൽ ജൈവകൃഷി പ്രോത്സാഹന വിപണനത്തിനായി "ബയോഫാക്" എന്ന മേള സംഘടിപ്പിക്കുന്നത് "ന്യൂറംബർഗ് മെസ്". ആണ്. ഇന്ത്യയിൽ പ്രസ്തുത "ന്യൂറംബർഗ് മെസ്" യുമായി സഹകരിച്ച് വിവിധ കേന്ദ്ര സംസ്ഥാന സർക്കാർ വകുപ്പുകളുടെ സഹകരണത്തോടെ "ബയോഫാക് ഇന്ത്യ" എന്ന മേള സംഘടിപ്പിക്കുന്നത് ബാംഗ്ലൂർ ആസ്ഥാനമാക്കി പ്രവർത്തിച്ചുവരുന്ന "International Competence Centre for Organic Agriculture (ICCOA)" ആണ്.

(ബി) ബയോഫാക് ഇന്ത്യ 2014-ൽ ഭാഗഭാക്കാകുവാനും മേളയിൽ പ്രദർശനസ്റ്റാളുകൾ സജ്ജമാക്കുവാനും സഹകരിച്ച വിദേശകമ്പനികളുടെ പേരു വിവരം ചുവടെ ചേർക്കുന്നു:

- ജിയോസാൻ ഇന്റർനാഷണൽ ഓർഗാനിക് എക്സ്പോ ഓർഗനൈസിംഗ് കമ്മിറ്റി, കൊറിയ
- ഇന്റർനാഷണൽ ഫെഡറേഷൻ ഓഫ് ഓർഗാനിക് അഗ്രിക്കൾച്ചർ മൂവ്മെന്റ്സ് (IFOAM) ജർമ്മനി
- ദി ഇഡിയ കമ്പനി (THE IIDEA COMPANY) മെക്സിക്കോ

എന്നാൽ ജൈവകൃഷിക്കായി സംഗമത്തിൽ പങ്കെടുത്ത് ധാരണാ പത്രത്തിൽ ഒപ്പിട്ടത് കൊറിയൻ ഗോസാൻ കൗണ്ടി മേയറാണ്. കേരളത്തിലെ ആദ്യ ബയോ വില്ലേജ് കാസർഗോഡ് ജില്ലയിൽ യാഥാർത്ഥ്യമാക്കുന്നതിന്റെ ഭാഗമായി കൊറിയയുടെ സഹായത്തോടെ ആരംഭിക്കുന്ന ബയോവില്ലേജിനുള്ള ധാരണാപത്രം കൊറിയൻ ഗോസാൻ കൗണ്ടി മേയറും പനത്തടി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റും ഒപ്പുവച്ചു. ബയോവില്ലേജ് രൂപീകരണത്തിനുള്ള സാങ്കേതികസഹായം കൊറിയ ലഭ്യമാക്കും. ബയോവില്ലേജ് സ്ഥാപിക്കുന്നതിനുള്ള പരിശീലനവും ഇതുമായി ബന്ധപ്പെട്ട് നല്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly